Family Apostolate Centre Ernakulam (FACE)
Reg. No. 43/IV/2018
**Major Archdiocese of Ernakulam-Angamaly**
**Jeevalaya Family Park Chengal, Kalady 683574, Ph. 0484-2462607**
**Email: directorface@gmail.com**
**Website: www.jeevalaya.org**

Save the Family
Save the Society

J/2020/18 01/05/2020

# മാര്യേജ് ഓറിയന്റേഷൻ പ്രോഗ്രാം (MOP)

പ്രിയ ബഹു. വികാരിയച്ചാ,

നമ്മുടെ അതിരൂപതാ ക്യൂരിയായിൽനിന്നു സൂചിപ്പിച്ചതു പോലെ നമ്മൾ നടത്തുന്ന ഓൺലൈൻ മാര്യേജ് ഓറിയന്റേഷൻ പ്രോഗ്രാമിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

## 1. ആർക്ക് വേണ്ടി?

1. എറണാകുളം-അങ്കമാലി അതിരൂപതാഗംങ്ങൾക്ക് മാത്രമായിട്ടാണ് ഈ പ്രോഗ്രാം നിജപ്പെടുത്തിയിട്ടുള്ളത്.
2. ജൂൺ 30 വരെ നടക്കുന്ന വിവാഹങ്ങൾക്ക് വേണ്ടിയുള്ള താത്ക്കാലിക സംവിധാനം മാത്രമാണിത്.
3. പ്രവേശനം മുൻകൂർ ബുക്ക് ചെയ്യുന്നവർക്ക് മാത്രം

## 2. എണ്ണം

ഒരു പ്രോഗ്രാമിൽ പരമാവധി 40 പേരെയാണ് പ്രതീക്ഷിക്കുന്നത്.

## 3. സമയ ദൈർഘ്യം

1. 3 ദിവസങ്ങളായി രണ്ട് പാർട്ടായിട്ടാണ് നടത്തപ്പെടുന്നത്.
2. പാർട്ട്-1 നിശ്ചയിക്കപ്പെട്ട രണ്ടു ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെ ഓൺലൈൻ പ്രോഗ്രാം.
3. പാർട്ട്-2 നമസ്കാരം കേൾക്കുന്നതിനു പുറമേ ബഹുമാനപ്പെട്ട വികാരിയച്ചനുമായുള്ള ഒരു സെഷൻ. വിഷയം: വിവാഹ ലിറ്റർജിയും നിയമങ്ങളും (വിശദാംശങ്ങൾക്ക് എറണാകുളം-അങ്കമാലി അതിരൂപത, നിയമസംഹിത, 2009, പേജ് 135 -138, 151-153 ഉം കൂദാശാ പുസ്തകവും കാണുക).

(ഇപ്രകാരം വിവാഹിതരാകുന്നവർ കല്യാണശേഷം, നിശ്ചയിക്കപ്പെട്ട ഞായറാഴ്ച യിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണിവരെ ജീവാലയയിൽവച്ച് നടത്തുന്ന ഏകദിന ധ്യനത്തിൽ ദമ്പതികളായി പങ്കെടുക്കുന്നത് പ്രോത്സാഹിപ്പിക്കണം.)

4. **<u>എപ്രകാരമാണ് ഓൺലൈൻ സഹായം നല്കുന്നത്?</u>**
   1. ഗൂഗിൾ ക്ലാസ്റൂം എന്ന അപ്ലിക്കേഷനിലൂടെയാണ് ഈ പ്രോഗ്രാം നടത്തപ്പെടുത്തുന്നത്.
   2. വിവാഹ ഒരുക്ക കോഴ്സിന്റെ സുപ്രധാന ക്ലാസുകളുടെ വീഡിയോകൾ, മറ്റു മെറ്റീരിയൽസ് പങ്കെടുക്കുന്നവർക്ക് ലഭിക്കും. അതോടൊപ്പം ചില അസൈൻമെന്റസും നല്കുന്നതാണ്. നിശ്ചിത സമയത്തിനകം അസൈൻമെന്റസ് ചെയ്ത് തിരിച്ചയയ്ക്കണം. വിലയിരുത്തി പ്രതികരണം അറിയിക്കുന്നതാണ്.
   3. ഓൺലൈൻ പ്രോഗ്രാമിന്റെ 2-ാം ദിവസം അവസാനം, പങ്കെടുക്കുന്ന ആളുമായി വാട്സ്ആപ്പ് വീഡിയോ കോളിലൂടെയുള്ള ഒരു അഭിമുഖം നടത്തുന്നതാണ്.
5. **<u>ഓൺലൈൻ സഹായത്തിന് പങ്കെടുക്കന്ന ആൾ കരുതേണ്ട കാര്യങ്ങൾ</u>**
   1. സ്വന്തമായ ജിമെയിൽ ഐഡി (google account)
   2. സുഗമമായ ഇന്റർനെറ്റ് സൗകര്യമുള്ള മൊബൈൽ ഫോൺ / ലാപ്ടോപ്
6. **<u>രജിസ്ട്രേഷൻ</u>**
   1. മുൻകൂർ 700 രൂപ അടച്ച് ബുക്ക്ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.
   2. നേരത്തെ വിവാഹ ഒരുക്ക ധ്യാനത്തിന് ബുക്ക് ചെയ്തവർ രസീത് വാട്സ്ആപ്പിലൂടെ 8281544111 എന്ന നമ്പറിൽ അയയ്ക്കുക. ബാലൻസ് തുക ഏകദിന ധ്യാനത്തിന് വരുമ്പോൾ നല്കുന്നതാണ്.
   3. പങ്കെടുക്കുന്ന ആൾ സ്വന്തമായ ഈമെയിൽ ഐഡിയിൽ നിന്ന് ഫോട്ടോ അയച്ചുതരേണ്ടതാണ്.
   4. jeevalayafamilypark@gmail.com എന്ന ഓഫീസ് മെയിലിൽനിന്നുള്ള കൺഫർമേഷൻ ലഭിച്ചാൽ മാത്രമേ അഡ്മിഷൻ ഉറപ്പിക്കാനാവൂ.
   5. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കു വിളിക്കുക 8281544111
7. **<u>സർട്ടിഫിക്കറ്റ്</u>**

   ഓൺലൈൻ പ്രോഗ്രാം (പാർട്ട്-1) വിജയകരമായി പൂർത്തിയാക്കിയവരുടെ വിവരം അതത് വികാരിമാരെ രേഖാമൂലം ഓഫീസിൽനിന്ന് അറിയിക്കുന്നതാണ്.
8. **<u>ആദ്യ ബാച്ച്</u>**

   മെയ് 9, 10 തിയതികളിൽ

ഡയറക്ടർ

അതിരൂപതാ കുടുംബപ്രേഷിത കേന്ദ്രം